പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI
# (SUBJECT COMMITTEE XI)

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
# (FOOD, CIVIL SUPPLIES AND CO-OPERATION)

## പീരിയോഡിക്കൽ റിപ്പോർട്ട്

## (2025 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31ST MARCH, 2025)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം239 (1) പ്രകാരമുള്ളത് ]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2025 സെപ്റ്റംബർ 30-ാം തീയതി സമർപ്പിച്ചത്
(Presented on 30th September, 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI

## (SUBJECT COMMITTEE XI)

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

# (FOOD, CIVIL SUPPLIES AND CO-OPERATION)

പീരിയോഡിക്കൽ റിപ്പോർട്ട്

(2025 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH, 2025)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) ചട്ടപ്രകാരമുള്ളത് ]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)

1161/2025.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 12 |

സബ്ജക്ട് കമ്മിറ്റി XI

(ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും)

(2023-2026)

**ഘടന**

ചെയർപേഴ്സൺ :

ശ്രീ. വി. എൻ. വാസവൻ,
തുറമുഖ -സഹകരണ -ദേവസ്വം വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീ. ജി. ആർ. അനിൽ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്.

ശ്രീ. ആന്റണി ജോൺ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ., സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ജോയിന്റ് സെക്രട്ടറി

ശ്രീമതി ടി. ജി. സിന്ധു., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. എം. എസ്. അൻവർ സുൽത്താൻ., അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർപേഴ്സനായ ഞാൻ സമർപ്പിക്കുന്നു.

15-ാം കേരള നിയമസഭയുടെ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI (2023-2026), 2023 ഡിസംബർ 7-ാം തീയതി രൂപീകൃതമായി. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 2-7-2024, 19-2-2025, 27-2-2025 എന്നീ തീയതികളിലായി മൂന്ന് യോഗങ്ങൾ ചേർന്നു. ഇതിൽ രണ്ട് യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും ഒരു യോഗം സ്പെഷ്യൽ റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, സ്കൂട്ടിനി റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, പിരിയോഡിക് റിപ്പോർട്ടിന്റെയും ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെയും കരടുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കുമായിരുന്നു.

ഏഴ് അദ്ധ്യായങ്ങളായി തയ്യാറാക്കിയ റിപ്പോർട്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

അദ്ധ്യായം I-സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II-സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III-സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

അദ്ധ്യായം IV-നിയമസഭാ ചട്ടം 235(എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V-സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI-(a) 2024-25-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ സംഗ്രഹം

(b) സമിതി പരിഗണിച്ച, മുൻ വർഷങ്ങളിലെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII-സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2025 സെപ്റ്റംബർ 29-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

വി. എൻ. വാസവൻ,<br>
*ചെയർപേഴ്സൺ,*<br>
*സബ്ജക്റ്റ് കമ്മിറ്റി XI.*

തിരുവനന്തപുരം,<br>
2025 സെപ്റ്റംബർ 30.

# റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

(എ) 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 2-7-2024-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും 8-7-2024-ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് 2-7-2024-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും 8-7-2024-ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് 27-2-2025-ലെ സമിതി യോഗം പരിഗണിക്കുകയും 3-3-2025- ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശം

റിപ്പോർട്ട് കാലയളവിൽ സമിതി ബില്ലുകൾ പരിശോധിച്ചിട്ടില്ല.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. -കൾ സംബന്ധിച്ച വിശദാംശം

### സമിതി പരിഗണിച്ച ചട്ടങ്ങൾ

റിപ്പോർട്ട് കാലയളവിൽ സമിതി കരട് ചട്ടം പരിഗണിച്ചിട്ടില്ല.

### സമിതി പരിഗണിച്ച എസ്.ആർ.ഒ.-കൾ

റിപ്പോർട്ട് കാലയളവിൽ സമിതി എസ്.ആർ.ഒ-കൾ പരിഗണിച്ചിട്ടില്ല.

## അദ്ധ്യായം IV

**നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശം**

റിപ്പോർട്ട് കാലയളവിൽ 235(എ) പ്രകാരം യോഗം ചേർന്നിട്ടില്ല

## അദ്ധ്യായം V

**നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ**

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയിൽ സമർപ്പിച്ച തിയതി |
|---|---|---|---|
| XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | 2021-22 | ഉപഭോക്തൃകാര്യ വകുപ്പ് | 2-7-2024 (കാലതാമസ പത്രിക സഹിതം) |
| XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | 2022-23 | ഉപഭോക്തൃകാര്യ വകുപ്പ് | 2-7-2024 (കാലതാമസ പത്രിക സഹിതം) |
| XXVII—സഹകരണം | 2023-24 | സഹകരണ വകുപ്പ് | 2-7-2024 |
| XXX—ഭക്ഷ്യം | 2023-24 | ഭക്ഷ്യപൊതുവിതരണ വകുപ്പ് | 8-10-2024 |

## അദ്ധ്യായം VI

**(എ) 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സഹകരണം, ഭക്ഷ്യപൊതുവിതരണം, ഉപഭോക്തൃകാര്യം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളൊന്നും ലഭ്യമാക്കുവാൻ കുടിശ്ശികയില്ല.

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളും

21-1-2021-ന് സമിതി സഭയിൽ സമർപ്പിച്ച സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സ്വീകരിച്ച നടപടികളും.

### ശിപാർശ നമ്പർ 1

മെഡിക്കൽ സ്റ്റോറുകളുടെ വാർഷിക വിറ്റുവരവും ജീവനക്കാരുടെ എണ്ണവും തമ്മിൽ വലിയ അന്തരമാണ് കാണുന്നതെന്നും മൂന്നര ലക്ഷം രൂപ വരെ മാസ വരുമാനമുണ്ടെങ്കിൽ മാത്രമേ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളുവെന്നും മനസ്സിലാക്കിയ സമിതി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കൂടുതൽ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടെങ്കിൽ അവരെ പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ശാസ്ത്രീയമായ പഠനം നടത്തി സ്റ്റോറുകളെ ലാഭകരമാക്കുന്നതിനും അതോടൊപ്പം സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ നിർത്തലാക്കുന്നതിനെ സംബന്ധിച്ചും ആലോചിച്ച് നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

വിൽപ്പനയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ സ്റ്റോറിൽ നിയമിക്കേണ്ട ജീവനക്കാരുടെ എണ്ണം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ 21-1-2021-ലെ റിപ്പോർട്ടിനുശേഷം പ്രതിമാസ ലാഭനഷ്ട പത്രികകൾ വിശകലനം ചെയ്തതിൽ 2021 മുതൽ 2023 ജനുവരി വരെയുള്ള കാലയളവിൽ സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന മാന്നാർ, പള്ളിമുക്ക്, ചൂണ്ടി എന്നീ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ട്. കൂടാതെ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ചില മെഡിക്കൽ സ്റ്റോറുകളിലെ ജീവനക്കാരെ പുനർവിന്യസിച്ചിട്ടുമുണ്ട്.

## ശിപാർശ നമ്പർ 2

സപ്ലൈകോ മോഡിക്കൽ സ്റ്റോറുകളിൽ നിലവിൽ വേക്കൻസി റിപ്പോർട്ട് ചെയ്ത തസ്തികകളിൽ അടിയന്തരമായി ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

സപ്ലൈകോയിൽ ആകെ 54 അസിസ്റ്റന്റ് ഫാർമസിസ്റ്റ് തസ്തികകളാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. നിലവിൽ 54 തസ്തികകളിലും അസിസ്റ്റന്റ് ഫാർമസിസ്റ്റുകൾ പി. എസ്. സി. മുഖേന ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. കൂടാതെ വേക്കൻസി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യങ്ങളിൽ അടിയന്തരമായി ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ എ.ജി.എം (പി&എ)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ശിപാർശ നമ്പർ 3

നിലവിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്ന സ്ഥലത്ത് വിൽപ്പന സാധ്യത കുറവാണെങ്കിൽ ഗവൺമെന്റ് അധീനതയിലുള്ളതോ ആശുപത്രി പരിസരത്തുള്ളതോ, സ്വകാര്യ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ ആയ കെട്ടിടം ദീർഘകാലത്തേക്ക് ലഭ്യമാണെങ്കിൽ അത് പരിശോധിച്ച് സ്റ്റോർ കൂടുതൽ  അനുയോജ്യമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സ്ഥലസൗകര്യമുള്ള ആശുപത്രികളിൽ കോമ്പൗണ്ടിനുള്ളിൽ തന്നെ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത വകുപ്പുതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നടപടി സ്വീകരിച്ചിട്ടുണ്ട്. വിൽപന സാധ്യതയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മേഖലയിലെ ശ്രീകാര്യം മെഡിക്കൽ സ്റ്റോർ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇതേ മേഖലയിലെ തന്നെ ചിറയിൻകീഴ് മെഡിക്കൽ സ്റ്റോർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നു വരുന്നു.

സർക്കാർ ആശുപത്രി കെട്ടിടങ്ങളിൽ മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ആശുപത്രി വികസനത്തിന് വേണ്ടി മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടം ഒഴിയേണ്ട സാഹചര്യത്തിൽ ആശുപത്രിയോട് ചേർന്ന് തന്നെയോ ആശുപത്രി പരിസരത്തോ മെഡിക്കൽ സ്റ്റോർ മാറ്റി പ്രവർത്തിച്ചുവരുന്നു.

<u>ശിപാർശ നമ്പർ 4</u>

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ നിലവിലില്ലാത്ത താലൂക്കുകൾക്ക് മുൻതൂക്കം നൽകിയും സാമൂഹികമായും സാമ്പത്തികമായും ഗുണപ്രദമാണോയെന്ന് സാധ്യതാപഠനം നടത്തിയും അനുയോജ്യമായ സ്ഥലം കണ്ടെത്തി സ്ഥലം എം.എൽ.എ. മാരുടെ സഹായ സഹകരണത്തോടുകൂടി സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ നിലവിലില്ലാത്ത താലൂക്കുകളിലും നിലവിലുള്ള താലൂക്കുകളിലും എം.എൽ.എ. മാരുടെ സഹായത്തോടെ അനുയോജ്യമായ സ്ഥലം കണ്ടെത്തി സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ കൊടുങ്ങല്ലൂർ താലൂക്കിൽ കൈപ്പമംഗലം നിയമസഭാ മണ്ഡലത്തിൽപ്പെട്ട എടവിലങ്ങ് പഞ്ചായത്തിൽ മെഡിക്കൽ സ്റ്റോർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

<u>ശിപാർശ നമ്പർ 5</u>

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ വിതരണം ചെയ്യുന്നതിനായി ഏറ്റവും നല്ല കമ്പനിയിൽ നിന്ന് ഗുണമേന്മയുള്ള മരുന്നു വാങ്ങാനും ജനങ്ങൾക്കാവശ്യമായ മരുന്നുകളേതൊക്കെയാണെന്ന് പരിശോധിക്കുവാനും തയ്യാറായാൽ വില കുറച്ച് മരുന്നുകൾ കമ്പനിയിൽ നിന്ന് ലഭ്യമാക്കി ലാഭകരമായി സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകാൻ കഴിയുമെന്നും അത്തരത്തിൽ സംസ്ഥാന തലത്തിൽ മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

1-4-2022 മുതൽ മെഡിക്കൽസ്റ്റോർ മുഖേന വാങ്ങുന്ന മരുന്നുകളുടെ പെയ്മെന്റും 1-2-2023 മുതൽ മേഖല മെഡിസിൻ ഡിപ്പോ മുഖേന വാങ്ങുന്ന മരുന്നുകളുടെ പെയ്മെന്റും കേന്ദ്രീകൃതമായാണ് നൽകിവരുന്നത്. സോഫ്റ്റ്‌വെയർ സംവിധാനം തയ്യാറാകുന്ന മുറയ്ക്ക് മേഖല മെഡിസിൻ ഡിപ്പോ മുഖേന വാങ്ങുന്ന കമ്പനികളുടെ പർച്ചേസ് സംസ്ഥാന തലത്തിൽ കേന്ദ്ര കാര്യാലയത്തിൽ നിന്നും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

<u>ശിപാർശ നമ്പർ 6</u>

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ പൊതുജനങ്ങൾക്ക് അവശ്യം വേണ്ട മരുന്നുകൾ ലഭ്യമാക്കാൻ കഴിയണമെന്നും ഡയബറ്റിസ്, ബ്ലഡ് പ്രഷർ തുടങ്ങിയ

രോഗങ്ങൾക്കുള്ള മരുന്നുകൾ തീരുന്നമുറയ്ക്ക് സ്റ്റോക്ക് ചെയ്യുന്നതോടൊപ്പം കാലാവധി കഴിഞ്ഞ മരുന്നുകളുടെ കണക്ക് സൂക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

പൊതുജനങ്ങൾക്ക് പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ അടക്കമുള്ള ജീവിതശൈലി രോഗങ്ങൾക്കും മറ്റ് അവശ്യ മരുന്നുകളുടെയും ലഭ്യത സ്ഥിരമായി ഉറപ്പുവരുത്തുന്നതിന് ഡിപ്പോ തലത്തിൽ രണ്ടുമാസക്കാലത്തേക്കുമുള്ള സ്റ്റോക്കും മെഡിക്കൽ സ്റ്റോറുകളിൽ മൂന്നുമാസക്കാലത്തേയ്ക്കുള്ള സ്റ്റോക്കും ഉറപ്പു വരുത്തുന്നുണ്ട്.

മരുന്നുകളുടെ കാലാവധി കഴിയുന്നതിന് മുമ്പ് കമ്പനികൾക്ക് തിരിച്ച് നൽകുന്നതിന് നിർദ്ദേശം നിലവിലുള്ളതാണ്. അത് പ്രകാരം കാലാവധി കഴിയാറായ മരുന്നുകൾ സമയബന്ധിതമായി തിരിച്ച് നൽകുന്നതിനാൽ കാലാവധി കഴിഞ്ഞ മരുന്നുകൾ സപ്ലൈകോയിൽ നിലവിൽ ലഭ്യമല്ല. കമ്പനികൾക്ക് തിരികെ നൽകുന്ന മരുന്നുകൾക്ക് കണക്കുകൾ സൂക്ഷിക്കുന്നുണ്ട്.

## ശിപാർശ നമ്പർ 7

ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ മാതൃകയാക്കി പ്രവർത്തനം ഏകോപിപ്പിക്കണമെന്നും ഇതിനായി എല്ലാ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലെയും ജീവനക്കാരുടെ യോഗം വിളിച്ച് ചേർത്ത് മികച്ച പ്രവർത്തന രീതികൾ അവലോകനം ചെയ്ത് ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകളെ അടിസ്ഥാനമാക്കി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി ലക്ഷ്യം നേടുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നിലവിൽ എല്ലാ ആഴ്ചകളിലും സപ്ലൈകോ മേഖലാ ഡിപ്പോ മെഡിസിൻ ഓഫീസർ-ഇൻ-ചാർജ്ജുമാർ മെഡിക്കൽ സ്റ്റോറുകളിലെ ഓഫീസർ-ഇൻ-ചാർജ്ജുമാരുമായി ഓൺലൈൻ വഴി മീറ്റിംഗ് നടത്തുകയും റിപ്പോർട്ട് ഹെഡ് ഓഫീസ് തലത്തിൽ പരിശോധിച്ച്, അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. എല്ലാ മാസവും സപ്ലൈകോ മേഖലാ മെഡിസിൻ ഡിപ്പോ ഓഫീസർ-ഇൻ-ചാർജ്ജുമാരുടെയും മെഡിക്കൽ സ്റ്റോർ ഓഫീസർ-ഇൻ-ചാർജ്ജുമാരുടെയും മീറ്റിംഗ് ഹെഡ് ഓഫീസ് തലത്തിലും നടത്തി വരുന്നു. ടി മീറ്റിംഗിൽ വിൽപ്പന, ലാഭ-നഷ്ടങ്ങൾ, പർച്ചേസ്, ക്രെഡിറ്റ് സെയിൽ, ക്രെഡിറ്റ് വരവ്, മറ്റ് ഭരണപരമായ വിഷയങ്ങൾ എന്നിവ അവലോകനം നടത്തുകയും അതു പ്രകാരം ആവശ്യമായ തുടർനിർദ്ദേശങ്ങൾ നല്കി വരുകയും ചെയ്യുന്നു.

## ശിപാർശ നമ്പർ 8

അവശ്യമരുന്നുകളുടെ പൊതുവിപണിയിലെ വിലയും സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലെ വിലയും താരതമ്യപ്പെടുത്തിക്കൊണ്ട് എല്ലാ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾക്ക് മുന്നിലും ജനശ്രദ്ധ ആകർഷിക്കുന്ന തരത്തിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

## സ്വീകരിച്ച നടപടി

എല്ലാ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾക്ക് മുന്നിലും പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ ഡിസ്കൗണ്ട് ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്.

## ശിപാർശ നമ്പർ 9

വിൽപ്പന കുറവുള്ള സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ പ്രത്യേകിച്ചും വേഗത്തിൽ വിറ്റഴിക്കുന്നതും പ്രാദേശികമായി ആവശ്യമുള്ളതുമായ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി റീജിയണൽ മാനേജരുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻസ്പെക്ഷൻ ടീം സമയബന്ധിതമായി പരിശോധന നടത്തുന്ന നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

മേഖലാ തലത്തിൽ ഒരു ഇൻസ്പെക്ഷൻ ഫാർമസിസ്റ്റിനെ നിയോഗിച്ച് സ്ഥിരമായി ഇൻസ്പെക്ഷൻ നടത്തി വരുന്നുണ്ട്. കൂടാതെ മേഖലാ മാനേജർമാരും അതാത് മേഖലയിൽ നിയമിച്ചിരിക്കുന്ന ഇൻസ്പെക്ഷൻ ഫാർമസിസ്റ്റുമാരും കൃത്യമായ ഇടവേളകളിൽ മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തി വരുന്നുണ്ട്. ഇതിനുള്ള നിർദ്ദേശങ്ങളും ഇൻസ്പെക്ഷൻ ചാർട്ടും 18-10-2021-ലെ 18/2021 നമ്പർ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്. നാളിതുവരെ 17 ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. കൂടാതെ ഹെഡ് ഓഫീസ് തലത്തിലും പരിശോധന നടത്താറുണ്ട്.

## ശിപാർശ നമ്പർ 10

പെട്ടെന്ന് വിറ്റ് തീരുന്നതും ആവശ്യക്കാർ ഏറെയുള്ളതുമായ മരുന്നുകൾ സ്റ്റോക്കില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത വിവരം സോഫ്റ്റ്‌വെയറിൽ റിപ്പോർട്ട് ചെയ്യുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

പെട്ടെന്ന് വിറ്റു തീരുന്നതും ആവശ്യക്കാർ ഏറെയുമുള്ള മരുന്നുകൾ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ സ്റ്റോക്ക് ഇല്ലാത്ത അവസ്ഥ ഒഴിവാക്കുന്നതിന് ഇൻഡന്റ്

കാര്യക്ഷമമാക്കിയും സ്റ്റോക്ക് ലെവൽ വർദ്ധിപ്പിച്ചും കൂടാതെ സോഫ്റ്റ്‌വെയറിൽ കൂടി അറിയുന്നതിന് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇപ്പോൾ ഓരോ മെഡിക്കൽ സ്റ്റോറുകളിലേയും സ്റ്റോക്ക് വിവരങ്ങൾ അറിയുന്നതിന് സപ്ലൈകോ ഡാഷ് ബോർഡ് റിപ്പോർട്ട് ലഭ്യമാണ്. കൂടാതെ സപ്ലൈകോ നടപ്പിലാക്കുന്ന ERP Software-ൽ കൂടുതൽ കാര്യക്ഷമതയോടെ സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ശിപാർശ നമ്പർ 11

സപ്ലൈകോയുടെ 95 മെഡിക്കൽ സ്റ്റോറുകളിൽ നിന്നുള്ള ആകെ വിറ്റു വരമായ 6.32 കോടി രൂപ വളരെ ചെറിയ ശതമാനമാണെന്നും പട്ടണങ്ങളിലെ നിരവധി സ്വകാര്യ മെഡിക്കൽ സ്റ്റോറുകൾ പ്രതിദിനം ഒരു ലക്ഷം രൂപയ്ക്കുമേൽ വിപണനം നടത്തുന്നതുമായി താരതമ്യം ചെയ്താൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ വിറ്റുവരവ് വളരെ കുറവാണെന്നും മനസ്സിലാക്കിയ സമിതി ശാസ്ത്രീയമായ രീതിയിൽ മാർക്കറ്റ് സ്റ്റഡി നടത്തി അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തി വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

മെഡിക്കൽ സ്റ്റോറുകളുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയമായ പഠനം നടത്തി അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സാമൂഹികവും സാമ്പത്തികവുമായി ഗുണകരമല്ലാത്ത സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തനം നിർത്തിയെങ്കിലും കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ സപ്ലൈകോയുടെ മെഡിക്കൽ ബിസിനസ് വർദ്ധിച്ചിട്ടുണ്ട്.

## ശിപാർശ നമ്പർ 12

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി സഹകരിച്ച് കാരുണ്യ വഴി മരുന്ന് വിതരണം ചെയ്യുന്ന മരുന്ന് കമ്പനികളുടെ ലിസ്റ്റ് ലഭ്യമാക്കി മരുന്നുകൾ സംഭരിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി സഹകരിച്ച് കാരുണ്യ വഴി മരുന്ന് വിതരണം ചെയ്യുന്ന മരുന്ന് കമ്പനികളുടെ ലിസ്റ്റ് ലഭ്യമാക്കി മരുന്നു സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ശിപാർശ നമ്പർ 13

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ബി.പി.എൽ. വിഭാഗങ്ങൾക്ക് നൽകുന്ന മരുന്നുകളിൽ പുറമേ നിന്നും വാങ്ങുന്ന എം.ആർ.പി.യിൽ 25 ശതമാനം വരെ വിലക്കുറവ് ലഭിക്കുന്നു എന്ന വിവരം കാണിച്ച് ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ബി.പി.എൽ. ഇതര വിഭാഗങ്ങൾക്കും ലഭിക്കുന്ന വില വ്യത്യാസം പ്രധാനപ്പെട്ടതും ഏറ്റവും കൂടുതൽ വിറ്റഴിയുന്നതുമായ മരുന്നുകളുടെ കാര്യത്തിലെങ്കിലും പ്രദർശിപ്പിക്കുവാൻ ശ്രമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട (നിലവിൽ പ്രയോറിറ്റി വിഭാഗത്തിൽപ്പെട്ട) റേഷൻകാർഡ് ഉപഭോക്താക്കൾക്ക് എം.ആർ.പി.യിൽ നിന്നും 25 ശതമാനം ഡിസ്കൗണ്ട് നൽകുന്നതും കൂടാതെ മറ്റു വിഭാഗം ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന എം.ആർ.പി. യിൽ നിന്നുള്ള ഡിസ്കൗണ്ടും (ശതമാനത്തിൽ) ഉപഭോക്താക്കൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

## ശിപാർശ നമ്പർ 14

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകൾ ലഭ്യമല്ലായെങ്കിൽ ഉപഭോക്താക്കൾക്ക് അക്കാര്യം വിളിച്ചറിയിക്കുവാൻ ജില്ലാ തലത്തിൽ ഒരു ഹെൽപ്പ് ലൈൻ നമ്പർ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ഇത്തരത്തിൽ ഏർപ്പെടുത്തുന്ന ജില്ലാ/മേഖലതല ഫോൺ നമ്പറുകൾ എല്ലാ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലും പ്രാധാന്യത്തോടെ പ്രദർശിപ്പിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഉപഭോക്താക്കൾക്ക് മരുന്നുകളുടെ ലഭ്യത/ആവശ്യകത സംബന്ധിച്ച് മേഖലാ തലത്തിൽ മേഖല മെഡിസിൻ ഡിപ്പോയുടെ ഫോൺ നമ്പറിൽ അറിയിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ ഇത്തരത്തിൽ ഏർപ്പെടുത്തുന്ന ജില്ല/മേഖലതല ഹെൽപ്പ് ലൈൻ നമ്പറുകൾ എല്ലാ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലും പ്രദർശിപ്പിക്കുവാൻ സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശിപാർശ നമ്പർ 15

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ ഉപഭോക്താക്കൾ വാങ്ങുവാൻ ആഗ്രഹിക്കുന്ന മരുന്നുകൾ ലഭ്യമല്ല എങ്കിൽ ടി വിവരം അപ്പപ്പോൾ ഓൺലൈൻ

സംവിധാനത്തിലൂടെ മേഖല/ഹെഡ് ഓഫീസിൽ അറിയിക്കുവാനുള്ള സംവിധാനം ഓരോ സ്റ്റോറുകളിലും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കേണ്ടതാണ്. ഇത്തരമൊരു സംവിധാനം ഒരുക്കുന്നതിലൂടെ ഏതെല്ലാം മരുന്നുകൾ എന്ത് അളവിൽ ഓരോ സ്റ്റോറിലും ആവശ്യമായി വരുന്നു എന്ന കൃത്യമായ കണക്ക് സപ്ലൈകോ അധികൃതർക്ക് പ്രതിദിനം സംസ്ഥാനതലത്തിൽ ലഭിക്കുന്നതാണ്. ആയതിനാൽ ഇത്തരത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

പുതുതായി നടപ്പിലാക്കുന്ന ERP സോഫ്റ്റ്‌വെയർ സംവിധാനം ഒരുക്കുന്നതിന് ഹെഡ് ഓഫീസ് തലത്തിൽ നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ച് വരുന്നത് പൂർത്തീകരിക്കുന്നതോടെ ഓരോ സ്റ്റോറിലേയും സ്റ്റോക്ക്, വിൽപ്പന, ആവശ്യമായ മരുന്നുകളുടെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

## ശിപാർശ നമ്പർ 16

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ അവയുടെ പ്രവർത്തനം, മരുന്നുകളുടെ വിലയിൽ ജനങ്ങൾക്ക് ലഭ്യമാകുന്ന കിഴിവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലോക്കൽ ടെലിവിഷൻ ചാനലുകളിലൂടെ നിശ്ചിത ഇടവേളകളിൽ പരസ്യം നൽകുന്നത് പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

മരുന്നുകൾക്ക് നൽകുന്ന ഡിസ്കൗണ്ട് ടെലിവിഷൻ ചാനലിൽ കൂടെ പരസ്യം ചെയ്യുന്നതിന് The Drugs and Magic Remedies Act 1954 പ്രകാരം നിയമവിധേയമല്ലെന്ന് സപ്ലൈകോ അറിയിച്ചിട്ടുണ്ട്. മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സോഷ്യൽ മീഡിയ മുഖേന ഉപഭോക്താക്കൾക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ശിപാർശ നമ്പർ 17

മിനിമം വിറ്റുവരവ് ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ പതിനൊന്ന് മെഡിക്കൽ സ്റ്റോറുകൾ അടച്ചുപൂട്ടേണ്ടതായി വന്നു എന്ന് സമിതി മനസ്സിലാക്കുന്നു. സപ്ലൈകോ നേരിട്ട് നടത്തുമ്പോൾ സ്ഥാപനത്തിന്റെ ചെലവ്, ആവർത്തന നടത്തിപ്പിന്റെ ചെലവ് എന്നിവ വരുന്നത് ലാഭവിഹിതം കുറയുവാൻ കാരണമാകുന്നുണ്ട്. സപ്ലൈകോ നേരിട്ട് നടത്തുന്ന സ്റ്റോറുകളിലെ വിലയിൽ മരുന്ന് ഉപഭോക്താക്കൾക്ക് നൽകുകയും എന്നാൽ നേരിയ മാർജിൻ കടയുടമയ്ക്ക് നൽകിയുമുള്ള വ്യവസ്ഥയിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ ഫ്രാഞ്ചൈസി നൽകിയാൽ സംസ്ഥാനത്തെ എല്ലാ കോണുകളിലും സപ്ലൈകോ മെഡിക്കൽ

സ്റ്റോറുകൾ ഏറ്റെടുത്തു നടത്തുവാൻ വ്യക്തികളും സംഘടനകളും മുന്നോട്ട് വരുവാൻ സാദ്ധ്യതയുള്ളതാണ്. നിലവിലുള്ള നിയമമനുസരിച്ച് ഇത് സാധ്യമല്ലായെങ്കിൽ ആവശ്യമായ നിയമ ഭേദഗതികൾ വരുത്തുന്ന കാര്യം പരിഗണിക്കേണ്ടതാണ്. സപ്ലൈകോ ഫ്രാഞ്ചൈസി മെഡിക്കൽ സ്റ്റോറുകൾ സാധ്യമായാൽ കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും നൂറു കണക്കിന് സ്ഥാപനങ്ങൾ പ്രവർത്തിക്കുമെന്നും അത്തരത്തിലുള്ള നടപടിയിലൂടെ വിപ്ലവകരമായ മാറ്റങ്ങൾ മരുന്ന വിൽപ്പന മേഖലയിൽ സംജാതമാകുമെന്നും സമിതി വിലയിരുത്തുന്നു. ആരംഭഘട്ടത്തിൽ വേണ്ടതായ പ്രാരംഭ മുതൽമുടക്ക്, ആവർത്തനത്തിനുവരുന്ന ചെലവുകൾ എന്നിവ പൂർണ്ണമായും സപ്ലൈകോയ്ക്ക് ഒഴിവാകുമെന്നതിനാലും പൊതുജനങ്ങൾക്ക് മരുന്നുകൾ ന്യായവിലയിൽ കൈയകലത്ത് ലഭിക്കുമെന്നതിനാലും ഇക്കാര്യം സംബന്ധിച്ച് വേണ്ടതായ പഠനം നടത്തി അടിയന്തര നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ ERP Software നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതിനാലും, സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലൂടെ വില്പന നടത്തുന്ന വിവിധയിനം മരുന്നുകളുടെ സെൻട്രൽ പർച്ചേസ് നടപ്പിലാക്കുന്നതിന് മുന്നോടിയായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച വരുന്നതിനാലും മേൽ പ്രവർത്തികൾ പൂർണ്ണതോതിൽ നടപ്പിലാക്കിയതിന് ശേഷം മാത്രമേ ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്ന വിവരം സപ്ലൈകോ അറിയിച്ചിട്ടുണ്ട്.

**വി. എൻ. വാസവൻ**
*ചെയർപേഴ്സൺ*
*സബ്ജക്ട് കമ്മിറ്റി XI*

തിരുവനന്തപുരം
2025 സെപ്റ്റംബർ 29

## 2-7-2024-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2024 ജൂലൈ 7-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 7.25-ന് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ.വാസവന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുമായ ശ്രീ. ജി. ആർ. അനിൽ ഹാജരായിരുന്നു.

പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു:

1. ശ്രീ. അബ്ദുൽ ഹമീദ് പി., എം.എൽ.എ.
2. ശ്രീ. ആന്റണി ജോൺ., എം.എൽ.എ (ഗൂഗിൾ മീറ്റ് മുഖേന)
3. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിജയ് അമൃത് രാജ് എ., ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. രത്തൻ യു. ഖേൽക്കർ, സെക്രട്ടറി, സഹകരണ വകുപ്പ്.
2. ശ്രീ. എസ്. പ്രവീൺ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്.
3. ശ്രീ. അജി ഫിലിപ്പ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
4. ശ്രീമതി സീന എ. എൻ., ജോയിന്റ് സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്
5. ശ്രീ. അമൃതലാൽ എ. ആർ., ഡെപ്യൂട്ടി സെക്രട്ടറി, സഹകരണ വകുപ്പ്
6. ശ്രീ. സുഭാഷ് ടി. വി., രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
7. ശ്രീ. അജി ഫ്രാൻസിസ്, ചീഫ് അക്കൗണ്ട്സ് ഓഫീസർ, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്
8. ശ്രീ. വി. കെ. അബ്ദുൾ ഖാദർ, കൺട്രോളർ, ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ്
9. ശ്രീ. അജിത് കുമാർ കെ., കൺട്രോളർ ഓഫ് റേഷനിംഗ്, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്

10. ശ്രീ. അബ്ദുൾ ഹാഫീസ് എം., ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ്

സമിതി കാര്യവിവരപ്പട്ടികയിലെ വിഷയങ്ങൾ ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

1. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI -ന്റെ സ്പെഷ്യൽ റിപ്പോർട്ടിലെ ശിപാർശകളിന്മേൽസ്വീകരിച്ച നടപടി സംബന്ധിച്ച് ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.

   (ഫയൽ നം. 2521/സബ്.സി ജി1/2017/നി.സെ.)

   പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

2. സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ പരിധിയിൽ വരുന്നതും കേരള സഹകരണസംഘ ഭേദഗതി ആക്റ്റ്, 2021 (Act 34 of 2021)-ൽ ഉൾപ്പെടുന്നതുമായ വ്യവസ്ഥകളിൽ ചട്ടങ്ങൾ ആവശ്യമായി വരുന്നവയ്ക്ക് ചട്ടം 238(2) പ്രകാരം കരട് ചട്ടം തയ്യാറാക്കി സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കണമെന്ന ആവശ്യത്തിന്മേൽ സഹകരണ (ബി) വകുപ്പ് ലഭ്യമാക്കിയ മറുപടി

   (ഫയൽ നം. 21827/സബ്.സി ജി1/2021/നി.സെ)

സഹകരണ സംഘങ്ങളുടെ സമഗ്ര ഭേദഗതി സംബന്ധിച്ച ആക്റ്റിന്മേൽ (2023 -ലെ കേരള സഹകരണസംഘം (ഭേദഗതി) ആക്റ്റ്) കരട് ചട്ടങ്ങൾ പുറപ്പെടുവിക്കുന്ന നടപടി പുരോഗമിച്ച് വരികയാണെന്നും പ്രസതുത ചട്ടങ്ങൾക്കൊപ്പം 2021-ലെ ആക്റ്റ് 34 -ന്മേലുള്ള ചട്ടങ്ങളും തയ്യാറാക്കി സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണെന്നും സഹകരണ വകുപ്പ് അറിയിച്ചതായി രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് സമിതിയെ അറിയിച്ചു.

സഹകരണ (ബി) വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

3. 2022-23 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സമർപ്പിക്കാത്തതിന്റെ കാരണം വിശദമാക്കിക്കൊണ്ട് ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ കാലതാമസ പത്രിക.

   (ഫയൽ നം. 860/സബ്.സി ജി1/2023/ലെജി.)

   കാലതാമസ പത്രിക സമിതി അംഗീകരിച്ചു

4. 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്

(ഫയൽ നം.7646/സബ്.സി ജി1/2024/ലെജി.)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

5. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡികകളിലെ ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നം. 5508/സബ്.സി ജി1/2023/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 1 മുതൽ 6 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സഹകരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ 7 മുതൽ 10 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉപഭോക്തൃകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ 11 മുതൽ 16 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

6. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പാർട്ടിന്റെ കരട്

(ഫയൽ നം.5508/സബ്.സി ജി1/2023/നി.സെ)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(യോഗം വൈകുന്നേരം 7.45-ന് അവസാനിച്ചു.)

## 19-2-2025-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2025 ഫെബ്രുവരി മാസം 19-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു. തുറമുഖ, സഹകരണ-ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. വി. എൻ. വാസവന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുമായ ശ്രീ. ജി. ആർ. അനിൽ ഹാജരായിരുന്നു.

പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു:

1. ശ്രീ. അബ്ദുൽ ഹമീദ് പി. (ഗൂഗിൾമീറ്റ് മുഖേന)
2. ശ്രീ. ആന്റണി ജോൺ (ഗൂഗിൾമീറ്റ് മുഖേന)
3. ഡോ. മാത്യു കുഴൽനാടൻ
4. ശ്രീ. സജീവ് ജോസഫ് (ഗൂഗിൾമീറ്റ് മുഖേന)
5. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
6. ശ്രീ. ജി. സ്റ്റീഫൻ
7. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. വീണാ മാധവൻ, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്.
2. ഡോ. ഡി. സജിത് ബാബു, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.
3. ശ്രീ. പ്രവീൺ എസ്., അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്.
4. ശ്രീ. കെ. റ്റി. മഹേഷ് കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീ. അബ്ദുൽ ഹഫീസ് എം., ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്.
6. ഡോ. അശ്വതി, മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ.
7. ശ്രീമതി അഞ്ജന എസ്., അഡീഷണൽ രജിസ്ട്രാർ, പ്ലാനിംഗ് & ഐ.സി.ഡി.പി.
8. ശ്രീ. മുഹമ്മദ് ഷഫീഖ്, കമ്മീഷണർ, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്.
9. ശ്രീമതി റീന ഗോപാൽ ആർ., അഡീഷണൽ കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്.
10. ശ്രീമതി രേഖ യു. ആർ., ഫിനാൻസ് ഓഫീസർ, സിവിൽ സപ്ലൈസ് & കൺസ്യൂമർ അഫയേഴ്സ്.
11. ശ്രീമതി ഷജീന എ. ആർ., മാനേജർ (ഫിനാൻസ്), സപ്ലൈകോ.

സമിതി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട സഹകരണ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXVII, ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXVIII, ഭക്ഷ്യ-പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXX എന്നിവയിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി തീരുമാനമെടുക്കുകയും ചെയ്തു.

**സഹകരണ വകുപ്പ്**

ധനാഭ്യർത്ഥന നമ്പർ - XXVII

2425-00-003-88-91—സഹകരണ വകുപ്പിൽ പരിശീനലത്തിനുള്ള സഹായം

സഹകരണ വകുപ്പിൽ സ്റ്റാഫുകൾക്ക് വേണ്ടിയുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാലാണ് 30 ലക്ഷം രൂപ അധികമായി ആവശ്യപ്പെടുന്നതെന്നും മുൻവർഷത്തെക്കാൾ പരിശീലനം അനിവാര്യമായൊരു കാലഘട്ടമാണെന്നും നിരീക്ഷിച്ച സമിതി, പ്രസ്തുത ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4425-00-001-96—സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണം

സഹകരണ വകുപ്പിന്റെ നവീകരണത്തിനായി ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ, പ്രസ്തുത ശീർഷകത്തിൽ 11.25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുവാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**ലീഗൽ മെട്രോളജി വകുപ്പ്**

ധനാഭ്യർത്ഥന നമ്പർ—XXVIII

3475-00-106-99-06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - വാടക, കരം, നികുതി

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 38,83,000 രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും പുതുതായി 14 താലൂക്കുതല ഇൻസ്പെക്ടർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും അതിന്റെ വാടകയ്ക്കും നിലവിലുള്ള വാടക കുടിശ്ശിക തീർക്കുന്നതിനുമായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 37 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുവാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3475-00-106-99-21-2—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ-മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും.

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തുടർച്ചയായി പരിശോധനകൾ നടത്തുന്നതിന് സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കേണ്ടിവരുന്നതുമൂലം വാഹനങ്ങൾക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾക്കും മുൻ സാമ്പത്തിക വർഷങ്ങളിലെ പെൻഡിംഗ് തുക നൽകുന്നതിനും നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, പ്രസ്തുത ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുവാൻ ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

3475-00-106-99-45—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ-പി.ഒ.എൽ.

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തുടർച്ചയായി നടത്തുന്ന പരിശോധനകൾക്ക് സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കുന്നതുമൂലം വർദ്ധിച്ചുവരുന്ന ഇന്ധന ചെലവ് വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, പ്രസ്തുത ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3475-00-106-98—അളവുകളും തൂക്കങ്ങളും പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ

പ്രസ്തുത ശീർഷകം വകുപ്പിന്റെ എല്ലാ അടിസ്ഥാന പദ്ധതി പ്രവർത്തനങ്ങളും വരുന്ന ശീർഷകമാണെന്നും 4.55 കോടി രൂപയുടെ പ്രൊപ്പോസലാണ് സമർപ്പിച്ചിരുന്നെങ്കിലും ബഡ്ജറ്റ് വിഹിതമായി 3.68 കോടി രൂപയാണ് അനുവദിച്ചതെന്നും അതിനാൽ 87 ലക്ഷം രൂപ കൂടി അധികമായി ആവശ്യമുണ്ടെന്നും ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ് സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ അധികമായി ആവശ്യപ്പെട്ട തുക ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3475-00-106-90-91—പരിശീലന പരിപാടി - പരിശീലനം

പരിശീലന പരിപാടികൾക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ ലീഗൽ മെട്രോളജി വകുപ്പിലെ എൻഫോഴ്സ്മെന്റ്/മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർക്കായി വിവിധ വിഷയങ്ങളിൽ ട്രെയിനിംഗ് നടത്തുന്നതിന് അപര്യാപ്തമാണെന്നും 5 ലക്ഷം രൂപ കൂടി അധികമായി ആവശ്യമുണ്ടെന്നും ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ് സമിതിയെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുവാൻ ശിപാർശ ചെയ്യുന്ന IMPDS 100% CSS പദ്ധതിയാണെന്നും 31-3-2023-ൽ പ്രസ്തുത

പദ്ധതിയുടെ കാലാവധി അവസാനിച്ചിരുന്നെന്നും പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ച തുക തിരിച്ചടയ്ക്കുന്നതിലേക്ക് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ള അവസാനഘട്ട ഇൻസ്റ്റാൾമെന്റ് കൈമാറുന്നതിന് 26 ലക്ഷം രൂപ ആവശ്യപ്പെടുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, 26 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5475-00-800-79—<u>ലീഗൽ മെട്രോളജി വകുപ്പിന്റെ നവീകരണ പ്രവൃത്തികൾ</u>

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 92.47 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും കോട്ടയം, കാസർഗോഡ് മുതലായ ലീഗൽ മെട്രോളജി ഭവനുകളുടെ നിർമ്മാണ പൂർത്തീകരണത്തിനും മറ്റ് പദ്ധതികളുടെ നടത്തിപ്പിലേക്കുമായി 4 കോടി രൂപ കൂടി ആവശ്യമുണ്ടെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ഭക്ഷ്യപൊതുവിതരണ വകുപ്പ്

## ധനാഭ്യർത്ഥന നമ്പർ—XXX

2408-01-101-96-33—<u>കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ-സബ്സിഡികൾ</u>

2025-26 സാമ്പത്തിക വർഷം നെല്ല് സംഭരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക നടപ്പ്സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്രോത്സാഹന ബോണസിന് പര്യാപ്തമാണെങ്കിലും 2024-25 സാമ്പത്തിക വർഷത്തിലെ കുടിശ്ശിക നൽകുന്നതിന് പര്യാപ്തമല്ലെന്ന് നിരീക്ഷിച്ച സമിതി, പ്രസ്തുത ശീർഷകത്തിൽ അധികമായി 379.7 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2408-01-101-94-03-33—<u>റേഷൻ സബ്സിഡി -റേഷൻ അരിയുടെയും ഗോതമ്പിന്റെയും ഗതാഗത കൈകാര്യ ചെലവുകൾ - സബ്സിഡികൾ</u>

അന്തർ സംസ്ഥാന റേഷൻ വിതരണത്തിനുള്ള ഗതാഗത കൈകാര്യ അനുബന്ധ ചെലവിനത്തിൽ മൊത്തം 464.65 കോടി രൂപ ആവശ്യമുണ്ടെന്നും എന്നാൽ പ്രസ്തുത ശീർഷകത്തിൽ 261 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും സമിതി മനസിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 203.65 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2408-01-102-99-33—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് - സബ്സിഡികൾ

സപ്ലൈകോയുടെ വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 670 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2408-01-102-96—വിശപ്പ് രഹിത കേരളം

'വിശപ്പ് രഹിത കേരളം' പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 1 കോടി രൂപ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2408-01-190-92—സപ്ലൈകോയുടെ വിൽപ്പന കേന്ദ്രങ്ങൾ നവീകരിക്കൽ

സപ്ലൈകോയുടെ വില്പനശാലകൾ നവീകരിക്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ അധികമായി 8.95 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2408-01-800-88—ഉപഭോക്താക്കളുടെ സംരക്ഷണത്തിനായി ഉപഭോക്തൃ ഫോറങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ളസംയോജിത പദ്ധതി (100% സി. എസ്.എസ്.)

2408-01-800-88-എന്നത് ബഡ്ജറ്റിൽ ഉൾപ്പെടുത്താത്ത ഒരു ഹെഡ്ഡാണെന്നും ഉപഭോക്തൃ ഫോറങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി 1994-95 മുതൽ കേന്ദ്ര സർക്കാർ തുക അനുവദിച്ചിരുന്ന ഈ പദ്ധതി ഇപ്പോൾ നിലവിലില്ലാത്തതിനാൽ 2023-24 മുതൽ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലെന്നും മുൻപ് അനുവദിച്ച 10.511 കോടി രൂപയിൽ 50 ലക്ഷം രൂപ കൂടി വകുപ്പിന് ലഭിക്കാനുണ്ടെന്നും ഇത് ബഡ്ജറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നെന്നും അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് യോഗത്തിൽ വിശദീകരിച്ചു.

പ്രസ്തുത പദ്ധതി 100% CSS ആണെന്നും സംസ്ഥാന ബഡ്ജറ്റിലൂടെയാണ് തുക വകയിരുത്തി ചെലവഴിച്ചുകൊണ്ടിരുന്നതെന്നും ഇപ്പോൾ CNA (Central Nodal Agency) സിസ്റ്റമാണെന്നും ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് കൂട്ടിച്ചേർത്തു.

സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന കേന്ദ്രവിഹിതം വകുപ്പിന് കൈമാറുന്നതിനായി ശീർഷകം അനുവദിച്ച് ശീർഷകത്തിലേക്ക് 50.04 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3456-00-001-78—ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

NFSA നടപ്പിലാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നും റേഷൻ കടകളിൽ ഉപയോഗിക്കുന്ന ഇ-പോസ് മെഷീനുകൾ, അതിനുള്ള സിം ചാർജ്ജ്, പേപ്പർ റോൾ എന്നിവയ്ക്കുവേണ്ടിയുള്ള തുക, റേഷൻ കടകളുടെ സോഷ്യൽ ഓഡിറ്റ്, എസ്.എം.എസ്. ചാർജ്ജ്, എ.ഇ.സി., എമർജൻസി റിലീഫ് ഫണ്ട്, റേഷൻ ഷോപ്പുകൾക്ക് സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള സഹായം, മൊബൈൽ റേഷൻ കടകൾ ആരംഭിക്കുക, പുതിയ വെയിംഗ് മെഷീൻ വാങ്ങുക തുടങ്ങിയ കാര്യങ്ങൾക്കാണ് പ്രസ്തുത തുക ആവശ്യമായി വരുന്നതെന്നും സമിതി നിരീക്ഷിച്ചു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ അധികമായി ആവശ്യപ്പെട്ട 13.71 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശചെയ്യുവാൻ സമിതി തീരുമാനിച്ചു.

3456-00-001-77—പൊതുവിതരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യം വികസനം.

സിവിൽ സപ്ലൈസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനുമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ അധികമായി ആവശ്യപ്പെട്ട 2 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3456-00-001-75—സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ജില്ലാ കമ്മീഷനുകളും

സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ അധികമായി ആവശ്യപ്പെട്ട 1 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3456-00-001-74—പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിന്റെ (IMPDS) സംയോജിത മാനേജ്മെന്റ് (100 % സി.എസ്.എസ്.)

IMPDS 100% CSS പദ്ധതിയാണെന്നും 31-3-2023-ൽ പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിച്ചിരുന്നെന്നും പദ്ധതിക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ച തുക തിരിച്ചടയ്ക്കുന്നതിലേക്ക് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ള അവസാനഘട്ട ഇൻസ്റ്റാൾമെന്റ് കൈമാറുന്നതിന് 26 ലക്ഷം രൂപ ആവശ്യപ്പെടുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, 26 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4408-01-101-92—ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം

പ്രസ്തുത ശിർഷകം NFSA-യുടെ മറ്റൊരു ഹെഡ്സ് ഓഫ് അക്കൗണ്ട് ആണെന്നും അതിൽ കുറച്ച് കമ്പോണന്റ്സ് സപ്ലൈകോയും ബാക്കിയുള്ളത് വകുപ്പുമാണ് കൈകാര്യം ചെയ്യുന്നതെന്നും പ്രസ്തുത ശീർഷകത്തിൽ Weighing Machine Generator & Computers, CCTV for NFSA Godowns, ICT-infrastructure and connectivity-Various offices including Commissionerate of Civil Supplies എന്നിവയ്ക്കായി ബജറ്റ് വിഹിതത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5.15 കോടി രൂപ അധികമായി അനുവദിക്കണമെന്നും അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സമിതിയോട് അഭ്യർഥിച്ചു. സമിതി അത് പരിശോധിക്കുകയും അധികമായി ആവശ്യപ്പെട്ട തുക ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4408-01-103-99—കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്

പ്രസ്തുത ശീർഷകത്തിൽ College of Indigenous Food Technology-ൽ കോഴ്സുകൾ തുടങ്ങുന്നതിനും കോളേജിന്റെ നിലവാരം രാജ്യാന്തര തലത്തിലേയ്ക്ക് ഉയർത്തുന്നതിനുമായുള്ള പ്രവർത്തനങ്ങൾക്കായി ബജറ്റ് വിഹിതത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നും 1 കോടി രൂപ അധികമായി ആവശ്യമുണ്ടെന്നും അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് യോഗത്തിൽ വിശദീകരിച്ചു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ അധികമായി ആവശ്യപ്പെട്ട 1 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

(യോഗം ഉച്ചയ്ക്കുശേഷം 12.30-ന് അവസാനിച്ചു)

## 27-2-2025-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2025 ഫെബ്രുവരി മാസം 27-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സൺ, ബഹു. തുറമുഖ, സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുമായ ശ്രീ. ജി. ആർ. അനിൽ ഹാജരായിരുന്നു.

യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. സജീവ് ജോസഫ്
3. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
4. ശ്രീ. ജി. സ്റ്റീഫൻ
5. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (ഗൂഗിൾ മീറ്റ് മുഖേന)

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥൻ</u>:

ശ്രീ. സാജൻ വി., ട്രഷറി ഡയറക്ടർ

ധനാഭ്യർത്ഥന XXVIII(പലവക സാമ്പത്തിക സർവ്വീസുകൾ)-ൽ ഉൾപ്പെടുന്ന ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട ശീർഷകത്തിന്മേൽ വകുപ്പിൽ നിന്നുള്ള കുറിപ്പ് സമയബന്ധിതമായി ലഭ്യമാക്കാഞ്ഞതിനാൽ, പ്രസ്തുത ധനാഭ്യർത്ഥന 19-2-2025-ലെ യോഗത്തിൽ പരിഗണിക്കാൻ സാധിച്ചിരുന്നില്ലെന്നും ആയത് കൂടി സമിതിക്ക് പരിഗണിക്കേണ്ടതുണ്ടെന്നും ജോയിന്റ് സെക്രട്ടറി ആമുഖമായി യോഗത്തെ അറിയിക്കുകയും ട്രഷറി വകുപ്പിന് അധികമായി ആവശ്യമുള്ള തുക സംബന്ധിച്ച് വിശദീകരണം നൽകുവാൻ ട്രഷറി ഡയറക്ടർക്ക് സമിതി ചെയർപേഴ്സൺ അവസരം നൽകുകയും ചെയ്തു.

5475-00-800-80-04—മറ്റ് ഏജൻസികളെ ഏൽപ്പിച്ച പ്രവൃത്തികൾ-ട്രഷറി ഡയറക്ടേറ്റ് ഉൾപ്പെടെ പുതിയ ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി 4.3043 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും നിലവിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ട്രഷറി കെട്ടിടങ്ങളുടെ കരാർ തുക അടുത്ത സാമ്പത്തിക വർഷം തന്നെ നൽകേണ്ടതുണ്ടെന്നും ഇതുകൂടാതെ ഉപയോഗയോഗ്യമല്ലാത്ത ട്രഷറി കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഇടപാടുകാർക്ക് കുടിവെള്ളം, റാമ്പ്, ആധുനിക ഫർണിച്ചർ, ഫാൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നടപ്പിലാക്കുന്നതിലേക്കുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് ട്രഷറി ഡയറക്ടർ സമിതിയെ ബോധ്യപ്പെടുത്തുകയും 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതിയോട് അഭ്യർത്ഥിക്കുകയും ചെയ്തു.

ശീർഷകത്തിൽ അധികമായി ആവശ്യപ്പെട്ട 10 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതി, 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും 1 മുതൽ 21 വരെയുള്ള ശിപാർശകൾ ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(യോഗം ഉച്ചയ്ക്കുശേഷം 2.45- ന് അവസാനിച്ചു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.